നിയമിക്കുകയുണ്ടായി. ഈ കമ്മിഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മൂന്ന് മാസത്തെ സമയവും നൽകിയിട്ടുണ്ട്. ഇതിനു പുറമേ സർക്കാർ അർദ്ധസർക്കാർ സർവ്വീസിലും പൊതുമേഖല സ്ഥാപനങ്ങളിലും വിവിധ സമുദായങ്ങൾക്ക് ഇതിനകം ലഭ്യമായിട്ടുള്ള ഉദ്യോഗ പ്രാതിനിധ്യം എങ്ങനെയെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ടയേർഡ് ജസ്റ്റിസ് നരേന്ദ്രൻ ചെയർമാനായും മുൻ പി.എസ്.സി ചെയർമാൻ ശ്രീ. സാവൻകുട്ടി, മുൻ ചീഫ് സെക്രട്ടറി ശ്രീ.കെ.വി.രബീന്ദ്രൻ നായർ എന്നിവർ അംഗങ്ങളായുമുള്ള മൂന്നംഗ കമ്മിഷനേയും നിയമിച്ചിട്ടുണ്ട്. ഈ കമ്മിഷൻ ആറുമാസത്തിനകം റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കണമെന്നാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. ഈ കമ്മിഷനുകളിൽ നിന്നും റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് മേൽത്തട്ട് സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ പരിധിയിൽ നിന്നു കൊണ്ട് പരമാവധി ആനുകൂല്യം ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. ജസ്റ്റിസ് ജോസഫ് കമ്മിഷൻ മുൻപാകെ പബ്ലിക് സർവ്വീസ് കമ്മിഷൻ തെറ്റായ കണക്കു നൽകി എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു വരികയാണെന്ന് പി.എസ്.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തെപ്പറ്റി പി. എസ്.സി.യുടെ റിപ്പോർട്ട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. നാലകത്ത് സൂപ്പി : സർ, ഗവൺമെന്റിന് രേഖാമൂലം പരാതി കിട്ടിയില്ല. ഏതായാലും അന്വേഷണം നടത്താൻ തയ്യാറാണെന്ന് പറയുന്നുണ്ട്. ഇവിടെ എനിക്ക് സൂചിപ്പിക്കാനുള്ളത് ജസ്റ്റിസ് ജോസഫ് കമ്മിഷൻ കൊടുത്ത ബാക്ക്ഗ്രൗണ്ട് മെറ്റീരിയൽസ് അവയ്ലബിളാക്കണം. അവ സെക്രട്ടറിയേറ്റിലുണ്ടോ എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റിലുണ്ടോ എന്നറിയില്ല. അത് അവയ്ലബിളാക്കണം. അതുപോലെതന്നെ ഈ ഇടക്കാലത്ത് നിയമനങ്ങൾ നിർത്തി വച്ചു. ആ നിർത്തി വച്ച നിയമനങ്ങളുടെ ലിസ്റ്റ് ഞങ്ങൾ ഇന്നലെ ചോദ്യം ചോദിച്ചപ്പോൾ കിട്ടിയില്ല. ആ ലിസ്റ്റിന്റെ സ്ഥിതിയും പ്രസിദ്ധീകരിക്കണം. ഈ രണ്ട് കാര്യങ്ങളും ബഹുമാനപ്പെട്ട ഗവൺമെന്റ് ചെയ്യുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, വിവിധ സമുദായങ്ങൾക്ക് കിട്ടിയ പ്രാതിനിധ്യത്തെപ്പറ്റി അന്വേഷിക്കാനുള്ള കമ്മിഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മിഷനിൽ ശ്രീ.നരേന്ദ്രൻ ചെയർമാനും, ശ്രീ.ടി.എം.സാവൻകുട്ടിയും മുൻ ചീഫ് സെക്രട്ടറി ശ്രീ.കെ.വി.രബീന്ദ്രൻ നായരും അംഗങ്ങളാണ്. ഇവർ ആറുമാസത്തിനകം റിപ്പോർട്ട് തരും. ഓരോ സമുദായത്തിനും കിട്ടിയിട്ടുള്ള പ്രാതിനിധ്യത്തെപ്പറ്റി അഭ്യർത്ഥിച്ചിട്ടുണ്ട്. ആറുമാസത്തെ അവധി അവർക്ക് കൊടുത്തിട്ടുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ തീർച്ചയായും അത് നോക്കാം.

(2) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ വേതന പരിഷ്ക്കരണം

ശ്രീ.പി.എസ്.സുപാൽ : സർ, കേരളത്തിലെ മൂന്ന് ലക്ഷം തോട്ടം തൊഴിലാളികളുടെയും സൂപ്പർവൈസർമാരുടെയും മറ്റ് ജീവനക്കാരുടെയും വേതനക്കരാറിന്റെ കാലാവധി 31-3-1999-ൽ അവസാനിച്ചിരിക്കുകയാണ്. പതിവു പോലെ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ഈ കാര്യം നിരവധി പ്രാവശ്യം ചർച്ച ചെയ്തെങ്കിലും ഫലപ്രദമാക്കുവാൻ കഴിഞ്ഞില്ല. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി തന്നെ ഈ പ്രശ്നത്തിൽ ഇടപെട്ട് മൂന്ന് കോൺഫറൻസുകൾ

LIBRARY ARCHIVES Kerala Legislative Assembly

വിളിച്ചു കൂട്ടി ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിച്ചതിൽ എല്ലാ ട്രേഡ് യൂണിയൻ സംഘടനകൾക്കും അതിയായ സന്തോഷമുണ്ട്. തോട്ടം ഉടമകളുടെ ഈ കാര്യത്തിലുള്ള പിടിവാശി തോട്ടം വ്യവസായത്തെ കൂഴപ്പത്തിലേയ്ക്ക് നയിക്കുമോയെന്ന് ഞങ്ങൾക്ക് ആശങ്കയുണ്ട്. തൊട്ടടുത്ത തമിഴ്നാട്ടിൽ തോട്ടം ഉടമകളും ട്രേഡ് യൂണിയൻ സംഘടനകളും ഒപ്പു വച്ച വേതനക്കരാറിന്റെ കാര്യം ആർക്കും ഒളിച്ചു വയ്ക്കുവാൻ കഴിയുകയില്ല. കേരളത്തിലെ തോട്ടം തൊഴിലാളികൾക്ക് തമിഴ്നാട്ടിലെ തൊഴിലാളികളുടെ ശമ്പളത്തിലും കൂടുതലായിരുന്നു. ഏകദേശം 6 രൂപയുടെ അധിക വേതനം കേരളത്തിലുണ്ടായിരുന്നു. തമിഴ്നാട്ടിലെ വേതനക്കരാറു വന്നതോടുകൂടി ഇന്ന് കേരളത്തിൽ 7 രൂപ പിറകിലാണ്. ചുരുങ്ങിയ ഈ കാലയളവിൽ തമിഴ്നാട്ടിൽ പ്രതിദിനം 13 രൂപയുടെ ശമ്പളമാണ് കൂടുതൽ ലഭിച്ചു കൊണ്ടിരിക്കുന്നത്. റബ്ബർ കൃഷിക്ക് നേരിട്ടിരിക്കുന്ന ബുദ്ധിമുട്ടുകളുടെ നേരേ ട്രേഡ് യൂണിയൻ നേതാക്കൾ ചർച്ചയിൽ വളരെ സൃഷ്ടിപരമായിട്ടുള്ള സമീപനമാണ് സ്വീകരിച്ചത്. മുൻകാലങ്ങളിൽ തേയില തൊഴിലാളികൾക്ക് നല്കുന്ന ശമ്പള വർദ്ധവിനു പുറമേ കൂടുതൽ തുക റബ്ബർ തോട്ടം തൊഴിലാളികൾക്ക് നിശ്ചയിക്കുന്ന പതിവിൽ നിന്ന് ട്രേഡ് യൂണിയൻ നേതാക്കൾ മാറി ഒരു സൃഷ്ടിപരമായ സമീപനമാണ് ചർച്ചകളിൽ സ്വീകരിച്ചിട്ടുള്ളത്. അത് ചർച്ചയിലുടനീളം പങ്കെടുത്ത ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യങ്ങളാണ്. തമിഴ്നാട്ടിൽ ചുരുങ്ങിയ കാലം കൊണ്ട് 13 രൂപ ശമ്പള വർദ്ധനവ് നല്കിയ തോട്ടം മുതലാളി എന്തുകൊണ്ടാണ് കേരളത്തിൽ വ്യത്യസ്ഥ നിലപാടെടുക്കുന്നതെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. മിനിമം കൂലി പുതുക്കുമ്പോൾ മൊത്തം വേതനത്തിന്റെ 15 ശതമാനത്തിൽ കൂടുതൽ വർദ്ധിപ്പിക്കുന്നത് നിരുൽസാഹപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിന്റേതായ ഒരു പരാമർശമുണ്ട്. എന്നാലും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി നേരിട്ട് മുന്ന് കോൺഫറൻസ് വിളിക്കുകയും ഒത്തുതീർപ്പിനുള്ള സാധ്യത തെളിയുകയും ചെയ്തിരുന്നതായി ഞാൻ മനസ്സിലാക്കുന്നു. തോട്ടം ഉടമകളുടെ പെട്ടെന്നുള്ള മനംമാറ്റത്തിനും ചർച്ച പൊളിക്കുന്നതിനും ഇടയായ സാഹചര്യം ഗൗരവമായി സർക്കാർ കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ തോട്ടം തൊഴിലാളികളുടെയും മറ്റ് ജീവനക്കാരുടെയും 30-3-1999-ലുള്ള വേതനത്തിൽ 15 ശതമാനമെങ്കിലും ഗവൺമെന്റ് വർദ്ധിപ്പിച്ച് കേരളത്തിലെ പ്ലാന്റേഷൻ മേഖലയിൽ ഉണ്ടായിട്ടുള്ള അസ്വസ്ഥതകൾക്ക് വിരാമമിടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ നമ്മുടെ തോട്ടം മേഖലകളുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ മാനേജുമെന്റുകളുടെ ധിക്കാരപരമായിട്ടുള്ള സമീപനം, അതിന് നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാൻ കഴിയും. ആനുകാലികമായി പരിശോധിക്കുമ്പോൾ ട്രാവൻകൂർ റബ്ബർ ആന്റ് ടി കമ്പനി വക മുണ്ടക്കയം വാലിയിലെ മണിക്കൽ, ആനക്കുളം, കടമാംകുളം കൂപ്പുക്കയം, ചേന്നാപ്പാറ എന്നീ റബ്ബർ തോട്ടങ്ങൾ 10-1-2000 മുതൽ നിയമവിരുദ്ധമായി മാനേജുമെന്റ് ലോക്കൗട്ട് ചെയ്തിരിക്കുകയാണ്. ഈ തോട്ടത്തിൽ ഏകദേശം രണ്ടായിരം തൊഴിലാളികളുണ്ട്. തോട്ടം ലോക്കൗട്ട് ആയതോടു കൂടി തൊഴിലാളി കുടുംബങ്ങൾ പട്ടിണിയിലേയ്ക്കു നീങ്ങുകയാണ്. കുടിവെള്ളമോ, വൈദ്യ സഹായമോ, പോലുള്ള കാര്യങ്ങൾ പോലും

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് നിഷേധിച്ചിരിക്കുകയാണ്. തോട്ടം സൂപ്രണ്ടുമാരെ കാഞ്ഞിരപ്പള്ളിയിലും ഉദ്യോഗസ്ഥന്മാരെ മറ്റു വലിയ ഹോട്ടലുകളിലും മാനേജുമെന്റ് പാർപ്പിച്ചുകൊണ്ടാണ് തോട്ടം ലോക്കൗട്ട് ചെയ്തിട്ടുള്ളത്. ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു., എ.ഐ.ടി.യു.സി. അടക്കമുള്ള യൂണിയനുകൾ ഇതുമായി ബന്ധപ്പെട്ട് പ്രക്ഷോഭത്തിലാണ്. റ്റി.ആർ.ആന്റ് ടി മാനേജ്മെന്റ് തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നില്ല. തൊഴിലാളികളുടെയും സൂപ്പർവൈസർമാരുടെയും അടക്കമുള്ള ജീവനക്കാരുടെ വീടുകൾ വൈദ്യുതീകരിക്കുവാനുള്ള മാനേജുമെന്റിന്റെ നിയമപരമായ ചുമതല ഇതുവരെ നിർവ്വഹിച്ചിട്ടില്ല. തൊഴിലാളികളുടെ വീടുകൾ ആകട്ടെ കാലിത്തൊഴുത്തിനേക്കാളും മോശമാണ്. ഡോക്ടറോ ശരിയായ വൈദ്യ സഹായമോ ഈ കമ്പനി തൊഴിലാളികൾക്ക് നൽകുന്നില്ല. നിയമസഭ കമ്മിറ്റി തന്നെ ഈ മൊനേജ്മെന്റിന്റെ പേരിൽ കർശനമായ നടപടി എടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതൊക്കെ ലേബർ ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടു വന്നിട്ടും തോട്ടം ഉടമയ്ക്കെതിരായി നടപടികൾ സ്വീകരിച്ചതായി അറിവില്ല. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷനെ നിയോഗിച്ച് ഈ കമ്പനി വക തോട്ടങ്ങൾ സന്ദർശിച്ച് നിയമം നടപ്പിലാക്കുവാൻ ഉള്ള വഴിയേക്കുറിച്ച് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ചിന്തിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. നമ്മുടെ ബഹുമാന്യനായ നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ശ്രീ.സി.എ. കുര്യന്റെ നിയോജകമണ്ഡലത്തിലെ ഒരു പ്രശ്നം കൂടിയാണിത്. എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ഈ തോട്ടം ഉടമയ്ക്ക് എതിരായി എടുത്ത കേസ് യു.ഡി.എഫ് ഗവൺമെന്റ് ഈ മുതലാളിക്കു വേണ്ടി കോടതിയിൽ നിന്ന് പിൻവലിച്ച ചരിത്രവും ഉണ്ടെന്നുള്ള കാര്യം വിസ്മരിക്കുന്നില്ല. നിയമ നിഷേധിയായ റ്റി.ആർ.ആന്റ് ടി മാനേജ്മെന്റും ട്രേഡ് യൂണിയനുകളുമായി ഉണ്ടായിരുന്ന ബോണസ്സ് തർക്കം അഡീഷണൽ ലേബർ കമ്മീഷന്റെ മുൻപാകെ ചർച്ചയിൽ ഇരിക്കുമ്പോഴാണ് ധിക്കാരിയായ ഈ മാനേജ്മെന്റ് ലോക്കൗട്ട് പ്രഖ്യാപിച്ചത്. യാതൊരു അനിഷ്ട സംഭവും ലോക്കൗട്ട് പ്രഖ്യാപിക്കുന്നതിനുമുൻപ് തോട്ടത്തിൽ ഉണ്ടായിട്ടില്ല. പിന്നെ എന്തുകൊണ്ടാണ് ഇത്തരത്തിൽ ലോക്കൗട്ട് പ്രഖ്യാപിക്കുവാൻ മാനേജ്മെന്റ് തയ്യാറായതെന്ന് മനസ്സിലാക്കുവാൻ കഴിയുന്നില്ല. മുണ്ടക്കയം വാലിയിലെ എല്ലാ റബ്ബർ തോട്ടം മാനേജുമെന്റും കൂടിയാലോചന വഴി ബോണസ് തർക്കം പരിഹരിക്കുകയുണ്ടായിട്ടുണ്ട്. ഹാരിസൺ മലയാളം കമ്പനി, ട്രോപ്പിക്കൽ പ്ലാന്റേഷൻസ് തുടങ്ങിയ കമ്പനികളാണ് ഇപ്രകാരമുള്ള തർക്കങ്ങൾ രമ്യമായി പരിഹരിച്ചത്. എന്നാൽ റ്റി.ആർ. ആന്റ് റ്റി കമ്പനിയുടെ മുണ്ടക്കയം വാലിയിലേയും തെന്മല വാലിയിലേയും തൊഴിലാളികൾക്ക് ന്യായമായ ബോണസ് നിഷേധിക്കുകയാണുണ്ടായത്. നിയമമനുസരിച്ചുള്ള യാതൊരു അവകാശങ്ങളും നല്കാത്ത മാനേജുമെന്റ് തങ്ങൾക്ക് ന്യായമായ ബോണസ് നിഷേധിച്ചതോടു കൂടി തൊഴിലാളികൾ ഒത്തുകൂടി ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു., എ.ഐ.ടി.യു.സി. നേതൃത്വത്തിൽ സംയുക്തമായി ലോക്കൗട്ടിന് എതിരായി പ്രക്ഷോഭം നടത്തി വരികയാണ്. ആയതിനാൽ ലോക്കൗട്ട് നിയമവിരുദ്ധമായി പ്രഖ്യാപിക്കുകയും തൊഴിലാളികൾക്ക് 20 ശതമാനം ബോണസ് നൽകുന്നതിന് അടിയന്തിരമായി സർക്കാർ നടപടികളെടുക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഈ പ്രശ്നത്തിൽ ഇടപ്പെട്ട് രമ്യമായി തീർക്കുവാൻ ശ്രമിച്ചിട്ടും അത് വകവയ്ക്കാതെ നിലപാടെടുക്കുന്ന ധിക്കാരിയായ മാനേജ്മെന്റിന് എതിരായി കർശന നടപടി എടുക്കണം. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷനെ തോട്ടത്തിലയച്ച് പ്ലാന്റേഷൻ ലേബർ ആക്ട് നിയമങ്ങൾ ഒരു സമയബന്ധിത പരിപാടിയായി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോടും മന്ത്രിയോടും ഞാൻ അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി.രാമകൃഷ്ണപിള്ള) : സർ, കേരളത്തിലെ തോട്ടം മേഖലയിൽ നിലവിലുണ്ടായിരുന്ന വേതനത്തെ സംബന്ധിച്ച ദീർഘകാല കരാർ 31-3-1999-ൽ അവസാനിച്ചതിനെ തുടർന്ന് പുതിയ ദീർഘകാല കരാർ നടപ്പാക്കുന്നതിന് പ്രസ്തുത മേഖലയിലെ തൊഴിലാളി യൂണിയനുകൾ അവകാശ പത്രിക നൽകിയിരുന്നു. ഇതിൻമേൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി 19-4-1999 മുതൽ 11 പ്രാവശ്യം ചർച്ചകൾ നടത്തിയിട്ടും പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിഞ്ഞില്ല. മൂന്ന് പ്രാവശ്യം എന്റെ സാന്നിദ്ധ്യത്തിലാണ് ചർച്ചകൾ നടന്നത്. ഈ സഹചര്യത്തിൽ തോട്ടം മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി തൊഴിൽ സ്തംഭനാവസ്ഥ ഒഴിവാക്കാനാവശ്യമായ പ്രാഥമിക നടപടികൾക്ക് ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. ഇതിനാവശ്യമായ പ്രാഥമിക വിജ്ഞാപനം താമസംവിനാ പുറപ്പെടുവിക്കുന്നതാണ്. റ്റി.ആർ.ആന്റ് ടീ കമ്പനിയുടെ 1998-99-ലെ ബോണസ് തർക്കം സംബന്ധിച്ച് 9-12-1999-ൽ അഡീഷണൽ ലേബർ കമ്മീഷണർ തലത്തിലും പിന്നെ എന്റെ സാന്നിദ്ധ്യത്തിലും അനുരഞ്ജന ചർച്ചകൾ നടന്നുവെങ്കിലും 20 ശതമാനം ബോണസ് കൊടുക്കുന്നതല്ല എന്ന കാര്യത്തിൽ മാനേജുമെന്റ് ഉറച്ചു നിൽക്കുകയുണ്ടായി. 20 ശതമാനം ബോണസ് കുറെ വർഷങ്ങളായി കമ്പനി നൽകിക്കൊണ്ടിരിക്കുന്നു. ഈ വർഷം 20 ശതമാനം ബോണസ് കൊടുക്കുന്നതിന് മാനേജുമെന്റ് വിസമ്മതം പ്രകടിപ്പിച്ചു. മുപ്പത്തിരണ്ടും മൂന്നിലൊന്ന് ശതമാനം മാത്രമേ നൽകുകയുള്ളുവെന്ന നിലപാടാണ് സ്വീകരിച്ചത്. കമ്പനിയിലെ ചില തൊഴിൽ തർക്കങ്ങളെ സംബന്ധിച്ചും ബോണസ് തർക്കങ്ങളെ സംബന്ധിച്ചും അനുരഞ്ജന ചർച്ചകൾ നിലനിന്നിരുന്നപ്പോഴാണ് നിയമവിരുദ്ധമായി കമ്പനി ലോക്കൗട്ട് ചെയതത്. അതിനെതിരായി പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാൻ ലേബർ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവിടെയുള്ള കാര്യങ്ങൾ പരിശോധിച്ച് നിയമപരമായ നടപടി സ്വീകരിക്കുവാൻ ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. പി. എസ്. സുപാൽ : സർ, പി.എൽ.സി. സെറ്റിൽമെന്റ് ഇപ്പോൾ നാല് വർഷത്തേയ്ക്കാണ്. അത് മൂന്ന് വർഷമാക്കി നിജപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി .പി. രാമകൃഷ്ണപിള്ള : അതിന്റെ നിയമപരമായ വശം പരിശോധിക്കുന്നതാണ്.

III സബ്മിഷൻ

(1) നെയ്യാറ്റിൻകരയിലെ ഗുരുദേവ പ്രതിമ തർക്കപ്പെട്ടത് സംബന്ധിച്ച്

ശ്രീ. തമ്പാനൂർ രവി : സർ, ഫെബ്രുവരി മാസം 1-ാം തീയതി കൊല്ലം എസ്.എൻ.ഡി.പി. ആസ്ഥാനത്ത് നിന്നാരംഭിച്ച ഗുരുദേവ പ്രതിമ തകർക്കൽ പരമ്പര വളരെ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. 22-ാം തീയതി വരെ കേരളത്തിൽ 16 പ്രതിമകൾ തകർത്തിരിക്കുകയാണ്. കൊല്ലം, പാരിപ്പള്ളി, തൃശ്ശൂർ, നെയ്യാറ്റിൻകര, ആലപ്പുഴ എന്നീ സ്ഥലങ്ങളുൾപ്പെടെ 16 പ്രതിമകൾ തകർക്കപ്പെട്ടു കഴിഞ്ഞു. ഇതൊരു പരമ്പരയാണ്. ആരോടെങ്കിലുമുള്ള വൈരാഗ്യം തീർക്കാനായിരുന്നാലും ബോധപൂർവ്വമായിരുന്നാലും ഈ പ്രശ്നം വളരെ ഗുരുതരമാണ്. സംഭവം നടന്നിട്ട് 22 ദിവസം കഴിഞ്ഞു. കൊല്ലം സംഭവമുണ്ടായപ്പോൾ ക്രൈം ബ്രാഞ്ച് അന്വേഷിക്കുമെന്ന് പറഞ്ഞു. ഒരു പൊട്ടനേയോ, ചെകിടനേയോ പിടിച്ചുവെന്നല്ലാതെ ഈ സംഭവം സംബന്ധിച്ച് ഇന്നുവരെ കാര്യമായ ഒരു അന്വേഷണവും ഉണ്ടായിട്ടില്ല. ഗുരുദേവന്റെ അനുയായികളിൽ നല്ലൊരു വിഭാഗത്തിന്റെ അംഗീകാരം വാങ്ങിയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതെന്നുള്ള കാര്യം മറന്നു പോകരുത്. കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് ഗുരുദേവന്റെ ആശയങ്ങളും ആദർശങ്ങളും ദർശനങ്ങളും ചെലുത്തിയ സ്വാധീനം അങ്ങ് മറക്കില്ലെന്നാണ് ഞാൻ വിശ്വാസിക്കുന്നത്. അങ്ങനെയുള്ള കേരളത്തിലാണ് ഈ സംഭവം നടന്നിരിക്കുന്നത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് കുറെക്കൂടി കാര്യക്ഷമമായിട്ടുള്ള നടപടി ഇക്കാര്യത്തിലെടുക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. പക്ഷേ അതുണ്ടായില്ല. അങ്ങ് മുൻപ് മുഖ്യമന്ത്രിയായിരുന്ന ഒരവസരത്തിൽ, ഏറ്റുമാനൂർ ക്ഷേത്രത്തിൽ വിഗ്രഹം മോഷ്ടിക്കപ്പെട്ട സമയത്ത്, എന്താണ് പറഞ്ഞത്? ഭഗവാന് എന്തിനാണ് പാറാവ്, ഇതും അങ്ങനെ കാണുകയാണോ. വളരെ കാര്യമായ അന്വേഷണം വേണം. വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. ഇതു ഒരു സാക്ഷര കേരളമല്ലേ; സാംസ്ക്കാരിക കേരളമല്ലേ? ഇവിടെ ഒരു ഗവൺമെന്റില്ലേ?. ആ ഗവൺമെന്റിന്റെ തലവനല്ലേ മുഖ്യമന്ത്രി. ഇതൊക്കെ ചെയ്തിട്ടും വളരെ നിഷ്ക്രിയമായി, ലാഘവ ബുദ്ധിയോടുകൂടി കാര്യങ്ങൾ കാണുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഗവൺമെന്റ് കൂടുതൽ ശ്രദ്ധ ഇക്കാര്യത്തിന് നൽകണം. നമുക്ക് വളരെ മിടുക്കന്മാരായ പോലീസുകാരുണ്ട്. ഗവൺമെന്റിന് ഇക്കാര്യത്തിൽ ആത്മാർത്ഥതയുണ്ടെങ്കിൽ, ഇനിയിത് ആവർത്തിക്കാതിരിക്കണമെങ്കിൽ, പണ്ടൊക്കെ ചെയ്തതുപോലെ മിടുക്കനായ ഒരു ഐ.ജി.യുടെ നേതൃത്വത്തിൽ ഒരു പോലീസ് ടീമിനെ നിയോഗിച്ച് ഇതിന്റെ നിജസ്ഥിതി കണ്ടുപിടിച്ച് കുറ്റക്കാരെ അറസ്റ്റ് ചെയ്ത് മേലിൽ കേരളത്തിൽ ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly